## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5439** | **15-03-2023 - ൽ മറുപടിയ്ക്ക്**

## സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നല്കാൻ പ്രത്യേക പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സമൂഹത്തിൽ ഏറ്റവും കൂടുതൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നല്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സമൂഹത്തിൽ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും വേണ്ടി വനിതശിശുവികസനം, സാമൂഹ്യനീതി ,തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് മേൽസൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ടവർക്കായി ഗൈഡൻസ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരളത്തിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ചു കൊണ്ട് വനിത ശിശുവികസന വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിത കമ്മീഷന്റെ സഹായത്തോടെ ജാഗ്രതാ സമിതികൾ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിച്ചു വരുന്നു. വാർഡ് തല ജാഗ്രതാ സമിതിയുടെ കൺവീനർ അങ്കണവാടി വർക്കറും പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസറുമാണ്. സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ജന്റർ റീസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, |

ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി പീഢനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധന പീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ / കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവത്ക്കരിക്കുവാനും ,വേണ്ട സഹായം ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസറുമാർ അതത് പഞ്ചായത്ത് / സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കുന്നതിനും അവർക്ക് സൗജന്യ നിയമ സഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം മറ്റ് സേവനങ്ങൾ എന്നിവ വേണ്ടതുണ്ടെങ്കിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വനിത സഹായ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഉത്തരവാദിത്ത പൂർണ്ണമായ രക്ഷാകർത്തൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്കിടയിൽ ശരിയായ അവബോധം സൃഷ്ടിയ്ക്കുവാനും പാരന്റിംഗിൽ ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലുമായി ആകെ 158 പാരൻറിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. പാരൻറിംഗ് ക്ലിനിക്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലങ്ങളിൽ പാരന്റിംഗ് ഔട്ട്റീച്ച് ക്യാമ്പുകൾ സംഘടിപ്പിയ്ക്കുകയും മാതാപിതാക്കൾക്ക് പാരന്റിംഗ് സംബന്ധിച്ച ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകി വരുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിലവിലെ മാർഗ്ഗ രേഖയിൽ ലിംഗപദവിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനും വിവിധ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും ജെൻഡർ അനുബന്ധ ഇടപെടലുകൾ ഏകോപിപ്പിയ്ക്കുന്നതിനുമായി ജില്ലാ തലത്തിലും

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് തലത്തിലും ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ച പ്രവർത്തിപ്പിക്കേണ്ടതാണെന്നും, ജാഗ്രതാ സമിതി ജി.ആർ.സി തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഫെസിലിറ്റേറ്റ് ചെയ്യുന്നതിനുമായി വിമൻ സ്റ്റഡീസ് /ജെൻഡർ സ്റ്റഡീസ്, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വനിതയെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററായി നിയോഗിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെന്ററുകളും, ജാഗ്രതാ സമിതികളും പ്രവർത്തിച്ച് വരുന്നുണ്ട്. |
| (സി) | മുതിർന്ന പൗരന്മാരുടെ വസ്തുവകകൾ ഭാഗം വച്ച് എടുത്ത ശേഷം അവരുടെ സംരക്ഷണം ഏറ്റെടുക്കാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത വസ്തുവകകൾ തിരികെ നൽകുന്നതിന് ശക്തമായ നിയമ നിർമ്മാണം നടത്തുമോ? | (സി) | മുതിർന്ന പൗരന്മാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനായുള്ള MWPSC ആക്ട് 2007 ലെ സെക്ഷൻ 23 ൽ മുതിർന്ന പൗരന്മാരുടെ സ്വത്ത് കൈമാറ്റം അസാധുവാകുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്ഷൻ 23(1) പ്രകാരം മാതാപിതാക്കളുടെ സ്വത്ത് കൈമാറ്റം ചെയ്തു കിട്ടയ ആൾ, അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതിക ആവശ്യങ്ങളും നൽകികൊള്ളാമെന്ന് വ്യവസ്ഥയിന്മേൽ ഏതെങ്കിലും മുതിർന്ന പൗരൻ അയാളുടെ സ്വത്ത് സമ്മാനമായോ, മറ്റു വിധത്തിലോ കൈമാറ്റം ചെയ്യുകയും അങ്ങനെ കൈമാറ്റം കിട്ടിയ ആൾ അങ്ങനെയുള്ള സുഖസൗകര്യങ്ങളും, ഭൗതിക ആവശ്യങ്ങളും നൽകുന്നത് നിരസിക്കുകയോ, അതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ പ്രസ്തുത സ്വത്ത് കൈമാറ്റം വഞ്ചനാ പൂർവ്വകമായോ ഭീഷണി മൂലമോ അനുചിതമായ സ്വാധീനത്താലോ ഉണ്ടാക്കിയതായി കരുതപ്പെടുകയും കൈമാറ്റം നൽകിയ ആളുടെ ഇച്ഛയനുസരിച്ച് ട്രൈബ്യൂണലിന് അസാധുവായി പ്രഖ്യാപിക്കുകയും ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വനിത ശിശു വികസന വകുപ്പ്

അതിക്രമങ്ങൾ തടയുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ , അതിക്രമങ്ങൾ നേരിട്ടവർക്കുള്ള അടിയന്തിര ധനസഹായം , ദീർഘകാലം സ്ഥാപനവാസം ആവശ്യമുള്ളവർക്കായി നിർഭയഹോമുകൾ എന്നീ സംവിധാനങ്ങൾ കൂടാതെ അതിക്രമങ്ങൾ നേരിട്ട കുട്ടികൾക്കുള്ള സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയായ "കാവൽപ്ലസ്" , അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് കൗമാരക്കാരായ കുട്ടികളെ പ്രാപ്തരാക്കുന്നതിലേക്കായി ആവിഷ്കരിച്ചിട്ടുള്ള "ധീര" പദ്ധതി , സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി നടത്തി വരുന്ന ഓൺലൈൻ കൺസൾട്ടൻസിയായ "കാതോർത്ത്" പദ്ധതി, ഗാർഹിക അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പുമായി ചേർന്നു നടപ്പിലാക്കുന്ന പദ്ധതി "രക്ഷാദൂത്" , ഗാർഹിക പീഢനത്തിനിരയാവുന്ന വനിതകൾക്കും കുട്ടികൾക്കുമായി സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വന്നിരുന്ന സർവിസ് പ്രൊവൈഡിംഗ് സെന്റർ ,ഷെൽട്ടർ ഹോം പദ്ധതി വകുപ്പ് നേരിട്ട് ഏറ്റെടുത്ത് പുനനാമകരണം ചെയ്ത് "ഉണർവ്വ്" എന്ന പദ്ധതിയും ഉൾപ്പെടെ നടപ്പാക്കി വരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ അതിക്രമങ്ങൾ നേരിട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ എല്ലാ സേവനങ്ങളും (പോലീസ്, മെഡിക്കൽ, കൗൺസിലിംഗ്, നിയമസഹായം, സുരക്ഷിത അഭയം) ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ ജില്ലകളിലും വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ കാര്യങ്ങൾ പരിഗണിയ്ക്കുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമായി ചൈൽഡ് വെൽഫയർ കമ്മിറ്റികളും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ജുവനൈൽ ജസ്റ്റീസ് ബോർഡുകളും സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ട്.

ബാലനീതി സംവിധാനത്തിന്റെ പരിഗണനയിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് സ്ഥാപനവാസം അനിവാര്യമാണെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 27 സർക്കാർ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതിൽ 16 ചിൽഡ്രൻസ് ഹോമുകൾ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള വിഭാഗത്തിൽപ്പെട്ടവർക്കായും , 8 ഒബ്സർവേഷൻ ഹോമുകൾ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായും 2 സ്പെഷ്യൽ ഹോമുകളും, 1 Place of Safety യും പ്രവർത്തിച്ചു വരുന്നു. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ശിശു സംരക്ഷണ സംവിധാനങ്ങൾ താഴെത്തട്ടിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ബാലവേല – ബാലഭിക്ഷാടനം – തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി ശരണബാല്യം പദ്ധതിയും , നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസത്തിനായി കാവൽപദ്ധതിയും വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. കുട്ടികൾ അനുഭവിയ്ക്കുന്ന സ്വഭാവ – വൈകാരിക – പഠന – മാനസികാരോഗ്യ – സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായ രീതിയിൽ കണ്ടെത്തി പരിഹരിയ്ക്കുന്നതിനും

കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയും നിലവിലുണ്ട്.

കൂടാതെ കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കുന്നതിൻെറ ഭാഗമായി ഉത്തരവാദിത്വ രക്ഷാകർത്തൃത്വം, ലഹരികടത്ത്, കുട്ടികടത്ത് എന്നിവ തടയുക, കുട്ടികൾക്കുള്ള കരിക്കുലത്തിൽ ലൈംഗികവിദ്യാഭ്യാസം ഉൾപ്പെടുത്തുക, എല്ലാ പഞ്ചായത്തുകളും ശിശു സൗഹൃദമാക്കുക എന്നീ ഉദ്ദേശങ്ങളോടെ Ending Violence against Children എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

## സാമൂഹ്യനീതി വകുപ്പ്

മുതിർന്ന പൌരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനായുള്ള MWPSC ആക്ട് 2007 നിലവിലുണ്ട് ഈ ആക്ടിന് കീഴിൽ സംസ്ഥാനത്തുള്ള 27 റവന്യൂ ഡിവിഷണൽ ഓഫീസർമാർ ആയി വയോജനസംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന മെയിന്റനൻസ് ട്രൈബ്യൂണലുകൾ, പ്രവർത്തിച്ചുവരുന്നു. ഈ ഓഫീസുകൾ കേന്ദ്രീകരിച്ച് തീർപ്പാക്കിവരുന്നു . ' വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് അവബോധം നല്കുന്നതിനായി ബോധവത്കരണ പരിപാടികൾ വയോജന സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള അദാലത്തുകൾ എന്നിവ സാമൂഹ്യ നീതി വകുപ്പിന്റെ കൂടി സംയുക്ത ആഭിമുഖ്യത്തിൽ നടത്തി വരുന്നു . അതിമ്രമങ്ങൾക്ക് ഇരയായവരും ഉപേക്ഷിക്കപ്പെട്ടവരുമായ വയോജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ സേവനങ്ങൾ നൽകുന്നതിനു Elder Line എന്ന ഹെല്പ് ലൈൻ കേന്ദ്ര സർക്കാർ ധനസഹായത്തോടെ പ്രവർത്തിച്ചുവരുന്നു . മേൽപ്പറഞ്ഞ വിഭാഗത്തില്പുള്ള വ്യക്തികൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ സേവനം നൽകുന്നതിനു വയോരക്ഷ പ്രൊജക്റ്റ് വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു

## തദ്ദേശ സ്വയംഭരണ വകുപ്പ്

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ , സ്വാതന്ത്ര്യ നിഷേധം , അവകാശ ലംഘനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട് . വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് സർക്കാരിന്റെ 30.10.2018 തീയതിയിലെ സ.ഉ(സാധാ)നം.2776/2018/തസ്വഭവി നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.